DESPATCHED
On.26/11/21...
22/11/21



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം 695 001**
Email: sic.ker@nic.in

**ഹർജി നമ്പർ CP.No.397(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.8946/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 നവംബർ 22**

ശ്രീ. എ.വി. ജയനാരായണൻ,
മേലെ അമ്മൻഞ്ചേരി മീത്തൽ,
പി.ഒ. ഗോവിന്ദപുരം,
കോഴിക്കോട് – 673 016. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ ബാഡ്മിന്റൺ അസോസിയേഷൻ,
കാർത്തിക, 5/3204, വി.കെ.എസ്. റോഡ്,
കോഴിക്കോട് – 673 001. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06/05/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 09/08/2021 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 10/08/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26/08/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 16/11/2021 വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ | ഹാജരായില്ല |
| എതിർകക്ഷി | പ്രതിനിധി ഹാജരായി |

# ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. എ.വി.ജയനാരായണൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ 6.5.2021-ന് വിവരാവകാശ നിയമപ്രകാരം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മൂന്ന് മാസമായിട്ടും യാതൊരുവിധ മറുപടിയോ വിവരങ്ങളോ നൽകിയിട്ടില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ ഉത്തരവുണ്ടാകണമെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, കോഴിക്കോട് ജില്ലാ ബാഡ്മിന്റൺ അസോസിയേഷൻ 28.3.2021-ൽ വ്യാപാര ഭവനിൽ വെച്ചും 17.4.2021-ന് വി.കെ.കൃഷ്ണമേനോൻ ഇന്റോർ സ്റ്റേഡിയത്തിൽ വച്ചും ചേർന്ന വാർഷിക ജനറൽ ബോഡി യോഗത്തിലെ മിനിറ്റ്സ്

രേഖപ്പെടുത്തിയ ബുക്കിന്റെ (ഹാജർ, അജണ്ട, തീരുമാനങ്ങൾ) പേജുകളുടെ ഫോട്ടോകോപ്പി നൽകണമെന്നാണ്.

3. സമയബന്ധിതമായി വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാത്തതും ഈ പരാതി ഹർജിയിന്മേൽ 26.08.2021 തീയതിയിലെ കത്ത് പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് എതിർകക്ഷി കമ്മീഷനിൽ ഹാജരാക്കിയിട്ടില്ല എന്നതും കമ്മീഷൻ ഗൗരവമായി കാണുന്നു. എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഉടനെ നൽകുന്നതാണെന്ന് എതിർകക്ഷി ഹിയറിംഗ് വേളയിൽ കമ്മീഷൻ മുമ്പാകെ ഉറപ്പ് നൽകിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ മറ്റ് നടപടികൾ കമ്മീഷൻ സ്വീകരിക്കുന്നില്ല. എന്നാൽ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ഹർജിക്കാരന് മറുപടി നൽകണമെന്നും ആയതിന്റെ ഒരു പകർപ്പ് കമ്മീഷനിൽ ഹാജരാക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

4. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 നവംബർ 22–ാം തീയതി കമ്മീഷൻ ഉത്തരവ് പറുപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

STATE INFORMATION COMMISSION

us